**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2653** **18.06.2018-** ൽ മറുപടിക്ക്

**<u>ഒറ്റപ്പാലത്തെ പി.ഡബ്ല്യു.ഡി.റോഡുകളിലെ കയ്യേറ്റങ്ങൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. പി. ഉണ്ണി** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി റോഡുകൾ സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, കച്ചവടക്കാർ എന്നിവർ കയ്യേറുകയോ സ്വന്തം ഭൂമിയോട് ചേർക്കുകയോ ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;<br><br>(ബി) ഇത്തരത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപ്പെട്ട പി ഡബ്ല്യൂ ഡി റോഡുകളിൽ എത്ര കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട് ; ഓരോ കയ്യേറ്റവും ഒഴിപ്പിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (എ) യും (ബി) യും ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള മംഗലം - മുരുക്കുംപറ്റ റോഡിൽ പുതിയ പെട്രോൾ പമ്പ് തുടങ്ങിയ വ്യക്തി കയ്യേറിയ ഭാഗം ഒഴിപ്പിച്ചിട്ടുണ്ട്. പാലക്കാട് - പൊന്നാനി റോഡിൽ ഒറ്റപ്പാലം മുതൽ പത്തിരിപ്പാല വരെയുള്ള റോഡിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി റവന്യൂ അധികൃതരുടെ സഹകരണത്തോടെ കയ്യേറിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ട്. ഒറ്റപ്പാലം - പത്തിരിപ്പാല റോഡിൽ 19:ാം മൈലിൽ പുതിയ പെട്രോൾ പമ്പിനു മുൻവശം കയ്യേറിയ സ്ഥലം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. അമ്പലപ്പാറ ടൗണിലും മംഗലാംകുന്ന് സെന്ററിലും കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി അതിർത്തി നിർണ്ണയിച്ചുതരുന്നതിന് താലൂക്ക് സർവ്വെയർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ